**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 196** **06-10-2025 - ൽ മറുപടിയ്ക്ക്**

**ശബരിമല ദ്വാരപാലക ശില്പം പൊതിഞ്ഞ സ്വർണ്ണപ്പാളി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | 2019-ൽ ശബരിമല ശ്രീകോവിലിലെ ദ്വാരപാലക ശില്പം പൊതിഞ്ഞ സ്വർണ്ണപ്പാളിയും പീഠവും അറ്റകുറ്റ പ്രവൃത്തികൾക്കായി ചെന്നൈയിലെ സ്ഥാപനത്തിൽ എത്തിക്കുന്നതിന് മുൻപ് ഒരു മാസത്തിൽ കൂടുതൽ ദേവസ്വം അധികൃതർ കൈവശം വച്ചിരുന്നു എന്ന ഹൈക്കോടതി കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 19.07.2019, 20.07.2019 തീയതികളിലെ മഹസ്സർ റിക്കോർഡുകൾ പ്രകാരം SSCR 23/2025 നമ്പർ കേസിലെ ഏഴാം എതിർ കക്ഷിയായ ശ്രീ.ഉണ്ണികൃഷ്ണൻ പോറ്റിയ്ക്ക് സ്വർണ്ണം പൂശുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് കൈമാറിയ വസ്തുക്കൾ ടിയാൻ 29.08.2019-നാണ് ചെന്നൈയിലെ സ്ഥാപനത്തിൽ എത്തിച്ചത് എന്ന ബഹു. ഹൈക്കോടതിയുടെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ടി കേസ്സിൽ ബഹു. ഹൈക്കോടതിയുടെ 29.09.2025-ലെ ഉത്തരവ് പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജിലൻസ് വിഭാഗം ഈ വിഷയത്തിൽ അന്വേഷണം നടത്തിവരുന്നുണ്ട്. |
| (ബി) | ഇത്തരത്തിൽ സ്വർണ്ണപ്പാളിയും പീഠവും അനധികൃതമായി കൈവശം വയ്ക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (ബി) | 19.07.2019, 20.07.2019 തീയതികളിലെ മഹസ്സർ റിക്കോർഡുകൾ പ്രകാരം SSCR 23/2025 നമ്പർ കേസിലെ ഏഴാം എതിർ കക്ഷിയായ ശ്രീ.ഉണ്ണികൃഷ്ണൻ പോറ്റിയ്ക്ക് സ്വർണ്ണം പൂശുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് കൈമാറിയ വസ്തുക്കൾ ടിയാൻ 29.08.2019-നാണ് ചെന്നൈയിലെ സ്ഥാപനത്തിൽ എത്തിച്ചത് എന്ന ബഹു. ഹൈക്കോടതിയുടെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ടി കേസ്സിൽ ബഹു. ഹൈക്കോടതിയുടെ 29.09.2025-ലെ ഉത്തരവ് പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജിലൻസ് വിഭാഗം ഈ വിഷയത്തിൽ അന്വേഷണം നടത്തിവരുന്നുണ്ട്. |
| (സി) | പ്രസ്തുത സംഭവത്തിന് ശേഷം സ്വർണ്ണപ്പാളിയുടെ ഭാരം കുറഞ്ഞു എന്ന് കോടതി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | 19.07.2019, 29.08.2019 തീയതികളിലെ മഹസ്സർ റിക്കോർഡുകൾ പരിശോധിച്ചതിൽ ഗോൾഡ് പ്ലേറ്റിംഗ് നടത്തുന്നതിനായി ചെന്നൈയിൽ എത്തിച്ച വസ്തുക്കളിൽ 4.541 കിലോഗ്രാം ഭാരം കുറവ് വന്നതായുള്ള ബഹു. ഹൈക്കോടതിയുടെ പരാമർശം |

| | | | |
|---|---|---|---|
| | | | ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ഇതും അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ